(ര) ആ സംഗതിയിൽ സ്ഥലം റെയിഞ്ച് ഉദ്യോഗസ്ഥന്മാർ വല്ലതും പ്രവൃത്തിച്ചിട്ടുണ്ടോ;

(ഭ) പ്രസ്തുത സംഘം രക്ഷാധികാരിയും സന്നദ്ധഭടന്മാരുംകൂടി കാക്കത്തുരുത്തിയിൽവെച്ച് ബ്രിട്ടീഷിൽനിന്നു കടത്തിക്കൊണ്ടുവരുന്ന ചക്കരക്കള്ള് പിടിക്കുകയും വിവരം ഉടനെ സ്ഥലം റേയിഞ്ച് സബ്ഇൻസ്പെക്ടരെ കത്തുമൂലം അറിയിക്കുകയും ചെയ്തതായി ഗവൺമെൻറിനറിയാമോ; അറിയാമെങ്കിൽ ആ കത്തു എപ്പോഴാണ് പ്രസ്തുത ഉദ്യോഗസ്ഥനു കിട്ടിയതെന്നു പറയാമോ;

(ന) ആ സംഗതിയിൽ ഗവൺമെൻറ് എന്താണു പ്രവൃത്തിച്ചതെന്നും എപ്പോഴാണ് സ്ഥലത്തെത്തിയതെന്നും പറയാമോ?

മിസ്റ്റർ എം. രാമൻമേനോൻ: (ക) ചക്കരകള്ള് വിറ്റവരുന്നില്ല.

(ഖ) ബാധിക്കുന്നതാണ്.

(ഗ) പറയുക ഉണ്ടായിട്ടില്ല. എന്നാൽ കഴിഞ്ഞ ചിങ്ങം ൨൫-ാംനു ഈ ചോദ്യം ചോദിക്കുന്ന ബഹുമാനപ്പെട്ട മെമ്പരായ മിസ്റ്റർ കെ. എസ്സ്. പണിക്കരുടെ നേതൃത്വത്തിൽ നടന്ന ചെത്തു തൊഴിലാളികളുടെ സ്ട്രൈക്ക് ദിവസം ചക്കരക്കള്ള് പിടിച്ചുവെച്ചിരിക്കുന്നതായി മിസ്റ്റർ പണിക്കർ ഇരിങ്ങാലക്കുട റെയിഞ്ച് സബ്ഇൻസ്പെക്ടരെ കത്തുമൂലം അറിയിക്കുക ഉണ്ടായിട്ടുണ്ട്.

(ങ) അന്വേഷിച്ചിട്ടുണ്ട്.

(ച) മൂന്നാം ഉപവകുപ്പിന്റെ ഉത്തരം നോക്കുക. കത്തു വൈകുന്നേരം ൪ മണിക്കാണ് സബ്ഇൻസ്പെക്ടർക്കു കിട്ടിയത്.

(ഛ) സബ്ഇൻസ്പെക്ടർ വൈകുന്നേരം ൬ മണിക്കു സ്ഥലത്തെത്തി കേസ്സ് റിക്കാട്ടുചെയ്തു.

ILLICIT TREE-TAPPING—IRINJALAKKUDA RANGE

418. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് സദയം മറുപടി പറയുമോ:—

(ക) ഇരിങ്ങാലക്കുട റേഞ്ചിൽ തെങ്ങുകയറ്റക്കാരുടെയും ടീടാക്സ് അടക്കാരുടെയും കളവായി ചെത്തുന്ന വിവരത്തിനു് സ്ഥലം എക്സൈസ്സ് സബ്ഇൻസ്പെക്ടർ അവർകൾക്കു് ആരിൽനിന്നെങ്കിലും ഒരു കത്തു കിട്ടുകയുണ്ടായോ; ഉണ്ടായി എങ്കിൽ;

(ഖ) ആയതു എന്നാണെന്നും അതിന്മേൽ വല്ല നടപടിയും നടത്തിയോ എന്നും പറയാമോ;

(ഗ) ഈ സംഗതിക്കുതന്നെ കമ്മീഷണർ അവർകൾക്കു മേൽപറഞ്ഞ കത്തയച്ച ആൾ ഒരു കമ്പി അടിച്ചില്ലെ;

(ഘ) ആ സംഗതിയിലും ഗവൺമെണ്ടു് എന്തു നടപടിയാണു നടത്തിയതു്; ആ കമ്പിയുടെ തിയ്യതി ഏതു്;

(ങ) മേൽപറഞ്ഞ കത്തിന്റേയും കമ്പിയുടേയും പകർപ്പുകൾ ഓരോ കൌൺസിലരുടേയും മേശപ്പുറത്തു വെക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. രാമൻമേനോൻ: (ഉ) ഇല്ല.

(ഊ) മറുപടി ആവശ്യമില്ല.

(ന) ഈ ചോദ്യം ചോദിക്കുന്ന ബഹുമാനപ്പെട്ട മെമ്പറിൽനിന്നുതന്നെ ഈ സംഗതിയെപ്പറ്റി ഒരു കമ്പി എന്റെ മുൻഗാമിക്കു കിട്ടിയതായി കാണുന്നുണ്ട്.

(ര) തൈക്കെ ഡിവിഷൻ സ്ക്കിൽ ഇൻസ്പെക്ടരോട് ഉടൻ അന്വേഷണം നടത്തി വേണ്ടതു പ്രവൃത്തിച്ചു റിപ്പോർട്ട് ചെയ്യണമെന്നാവശ്യപ്പെട്ട. സ്ക്കിൽ ഇൻസ്പെക്ടർ തന്റെ അന്വേഷണഫലമായി അവിടങ്ങളിൽ യാതൊരു തെങ്ങും കളവായി ചെത്തിക്കാണുന്നില്ലെന്ന റിപ്പോർട്ട് അയക്കുകയും ചെയ്തു. കമ്പിയുടെ തിയ്യതി ഉ൯ന വ ആഗസ്റ്റ് മാസം ഉ൯ാംതിയ്യതിയാണ്.

(ഋ) കമ്പിയുടെ പകർപ്പിനു അനുബന്ധം നോക്കുക (*Appendix VII*).

CHUNGAL TODDY SHOP CONTRACTOR—OPENING OF UNAUTHORISED SHOPS BY.

419. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു് സഭയിൽ മറുപടി പറയുമൊ:—

(ഉ) ചുങ്കാൽ കള്ളുഷാപ്പു ലേലക്കാരൻ ആരാണു്;

(ഊ) അദ്ദേഹം വെള്ളിക്കുളങ്ങര, കോടാലി, നൂൽവള്ളി, വാസുപുരം ഈ പ്രദേശങ്ങളിൽ സ്പെഷ്യൽ ഷാപ്പുകൾ നടത്തിവരുന്നതായി ഗവമ്മെണ്ടിനറിയാമൊ;

(ന) അറിയാമെങ്കിൽ ആ കാര്യത്തിൽ ഗവമ്മെണ്ടു് എന്തെല്ലാം നടപടികളാണു് നടത്തീട്ടുള്ളതു്;

(ര) ചുങ്കാൽ ഷാപ്പു കരാറുകാരൻ പല സ്ഥലങ്ങളിലും മറ്റത്തൂർ ഷാപ്പു കരാറുകാരൻ നന്തിപുലത്തു് പയ്യൂർക്കാവു ക്ഷേത്രത്തിനടുത്തും മദ്യഷാപ്പുകൾ നടത്തുന്നതായി കണ്ടിരിക്കുന്നുവെന്നും മറ്റും ര—ര—ഉ ഉ ഉ ര ൽ അയച്ച ഒരു കത്തു് എക്സൈസ്സ് കമ്മീഷണരവർകൾക്കു കിട്ടുകയുണ്ടായിട്ടുണ്ടൊ; ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ചു് എന്തു നടപടിയാണു് നടത്തീട്ടുള്ളതെന്നു പറയാമൊ?

മിസ്റ്റർ എം. രാമൻമേനോൻ: (ഉ) ചുങ്കാൽ കള്ളുഷാപ്പു എന്നു ഒരു കള്ളുഷാപ്പു ഇല്ല. ഷാപ്പിന്റെസ്ഥലനിയായ ദേശപ്പേരൊ നമ്പരൊ വിശദപ്പെടുത്താതെ മറുപടി പറയുവാൻനിവൃത്തിമില്ല.

(ഊ) ഒന്നാം ഉപചോദ്യത്തിന്റെ മറുപടികൊണ്ടു ഇതിനു ഉത്തരം ആവശ്യമില്ല. ഇതിൽ പറഞ്ഞിട്ടുള്ള സ്ഥലങ്ങളിൽ ഒന്നും സ്പെഷ്യൽ ഷാപ്പുകൾ ആയും നടത്തിവരുന്നില്ല.

(ന) മറുപടി ആവശ്യമില്ല.

(ര) എന്റെ മുൻഗാമിക്കു ര—ര—ഉ ഉ ഉ ര തിയ്യതി വെച്ചു ഈ ചോദ്യം ചോദിക്കുന്ന ബഹുമാനപ്പെട്ട മെമ്പർ മിസ്റ്റർ കെ. എസ്സ്. പണിക്കർ

LIBRARY ARCHIVES Kerala Legislative Assembly

APPENDIX VII.

(Please see answer to Question 418).

Copy of telegram from Mr. K. S. Panicker.

Excise Commissioner—Ernakulam. Illicit—tapping—Irinjalakkuda—and—suburbs—Inspector—inactive—take—immediate—action—awaiting—arrival—K. S. Panicker.

APPENDIX VIII.

(Please see answer to Question No. 420).

റെയിഞ്ച്	൧൯൯൪-ൽ ചാരായം ചെത്തുന്നതിനു കിട്ടിട്ടുള്ള അപേക്ഷകളുടെ എണ്ണം	അപേക്ഷകൾ അനുവദിച്ചതിന്റെ എണ്ണം	അപേക്ഷകൾ നിരസിച്ചതിന്റെ എണ്ണം	റിമാർക്സ്
എറണാകുളം	൯	൯	..	
ഇടപ്പള്ളിത്തുറ	൫൩	൫൫	൯	
മട്ടാഞ്ചേരി	...	..	..	
ഞാറക്കൽ	൯൯൩	൯൩	൩ പത്ത് അപേക്ഷകൾ അന്വേഷണത്തിൽ ഇരിക്കുന്നു.	
കൊടുങ്ങല്ലൂർ	൯൭൩	൯൩൯	൪ ഒന്ന് പിൻവലിച്ചു.	
ഇരിങ്ങാലക്കുട	൯൭	൯൩	൯	
ചാലക്കുടി	൫൫	൯൫	൯൦	
ഇഞ്ചിവപ്പേരൂർ	൩൪	൫൭	൭	
ഉഴുരകം	൬൦	൭൩	൯	
എനാമ്മാവു	൫൪൩	൫൪൦	൩	
വടക്കാഞ്ചേരി	൫൩൩	൫൬൬	൬	
കുന്നംകുളം	൩൫൩	൩൪൫	൯൪	
പഴയന്നൂർ	൩൩	൩൯	൫	
ചിറ്റൂർ	൪൩൩	൪൬൯	൩ അഞ്ച് അപേക്ഷകൾ അന്വേഷണത്തിൽ ഇരിക്കുന്നു.	
നെന്മാറ	൭൫	൩൩	൪	

LIBRARY ARCHIVES Kerala Legislative Assembly